**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1796** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1376.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസും, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 38.44 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 67.66 കോടി രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 10.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപെട്ട ബസുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായ 63 കോടി രൂപ വിനിയോഗിച്ച് 143 ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും, വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ / ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടർ ആയ 'ഹില്ലി അക്വ'-യുടെ വിതരണം കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകളിലും ദീർഘദൂര സർവ്വീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിംഗ് സ്കൂൾ എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, സ്റ്റുഡൻസ് കൺസഷൻ, മറ്റ് യാത്രാ സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ളതും എന്നാൽ നഷ്ടത്തിലുള്ളതുമായ ട്രിപ്പുകൾ തുടർന്നുകൊണ്ട് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം മറ്റ് ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകൾ ആക്കി

| | | | |
|---|---|---|---|
| | | | മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മെയിന്റനൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ബസ്സുകളുടെ ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ താഴെ പ്രതിപാദിക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>(i) ബസ്സുകളുടെ ബ്രേക്ക്ഡൗൺ, ആക്സിഡന്റ് എന്നിവ കുറയ്ക്കുന്നതിനും എഞ്ചിനടക്കമുള്ള വാഹന ഘടകങ്ങളുടെ പരവമാവധി ആയുസ്സ് ലഭ്യമാക്കുന്നതിനും, ഓഫ് റോഡ് കുറയ്ക്കുന്നിതിനുമായി എഞ്ചിൻ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ ലൈഫ് കണക്കാക്കി മാറ്റുന്നതിലേയ്ക്കാവശ്യമായ ഫ്ലോട്ട് യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.<br><br>(ii) പ്രൊഡക്ഷൻ സെന്ററുകളിൽ (സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകൾ) ബസ്സുകളുടെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ യൂണിറ്റുകൾ റീകണ്ടീഷൻ ചെയ്യുന്നതിനുള്ള ക്രമീകരണം വർക്ക്ഷോപ്പുകളിൽ ഏർപ്പെടുത്തി വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി Restaurant-കളും കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ബസുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശത്തോടു കൂടി Onboard refreshment-നുള്ള നടപടികളും പുരോഗമിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ വിവിധ ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് Ladies and Family Waiting Area CSR ഫണ്ട് വിനിയോഗിച്ച് Vivo എന്ന കമ്പനി തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, അങ്കമാലി ഡിപ്പോകളിൽ പ്രവർത്തനം ആരംഭിച്ചു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശമ്പളം, പെൻഷൻ, മറ്റിനങ്ങൾ എന്നിവയിലേക്കായി സർക്കാർ കെ.എസ്.ആർ.ടി.സി ക്കു നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷം മുതൽ സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് ശമ്പളം ഇനത്തിൽ 2543.09 കോടി രൂപയും, പെൻഷൻ ഇനത്തിൽ 3351.92 കോടി രൂപയും, മറ്റിനങ്ങളിലായി 1019.21 കോടി രൂപയും ചേർത്ത് ആകെ 6914.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2023 ഫെബ്രുവരി മാസം മുതലുള്ള ജീവനക്കാരുടെ ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്ത് വന്നിരുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 20/06/2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. ഇതിൻപ്രകാരം 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി പൂർണ്ണമായി വിതരണം ചെയ്ത് വരികയാണ്. നിലവിൽ 50 കോടി രൂപ സർക്കാർ ധനസഹായവും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയും, മറ്റ് അവശ്യചെലവുകൾ (ഡീസൽ, സ്പെയർ പാർട്സ്, എം.എ.സി.ടി. തുടങ്ങിയവ) മാറ്റിവെച്ച് ഫണ്ട് സമാഹരിച്ചുമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്.<br><br>കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ തുക കണ്ടെത്തുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. തന്മൂലം പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടാവുകയും ആയത് ഒഴിവാക്കുന്നതിനായി ബഹു. മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്തുവരികയാണ്. 2024 നവംബർ മാസം വരെ കാലവധിയുണ്ടായിരുന്ന ത്രികക്ഷി കരാർ നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2024 ഡിസംബർ മാസത്തെ പെൻഷൻ നൽകിക്കഴിഞ്ഞു. തുടർന്ന് 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സൊസൈറ്റികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന കൺസോർഷ്യം സ്വീകരിച്ച് വരുന്നു. തുടർന്നുള്ള മാസങ്ങളുടെ ആദ്യ ആഴ്ചയിൽ തന്നെ പെൻഷൻ വിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | വരുമാനവർദ്ധനവിനായി ആരംഭിച്ച വിവിധ പദ്ധതികളിലൂടെ കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ? | (ഡി) | വരുമാന വർദ്ധനവിനായി വിവിധ പദ്ധതികൾ ആരംഭിക്കുകയും അവ വിജയകരമായി നടപ്പിലാക്കിയതിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>1. ലോ ഫ്ളോർ എ.സി. ബസ്സുകളേക്കാൾ കുറഞ്ഞ നിരക്കിലും സൂപ്പർഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളേക്കാൾ കൂടിയതും ട്രെയിൻ നിരക്കുകളുമായി താദാത്മ്യം ഉള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ ആധുനിക സൗകര്യങ്ങൾ നൽകിയും ഇന്ധനക്ഷമത കൂടിയ പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന ക്ലാസ് സർവ്വീസ് ആരംഭിച്ചു. ഇതിന്റെ പ്രാഥമിക പദ്ധതി 10 ബസ്സുകളുപയോഗിച്ച് വിജയകരമായി നടത്തിവരുന്നു.<br><br>2. കോൺവോയ് ആയി സർവീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സൗകര്യാർത്ഥവും നിലവിൽ തിരുവനന്തപുരത്ത് നിന്നും തൃശ്ശൂരിലേയ്ക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർഫാസ്റ്റ് ബസ്സുകൾ എൻ.എച്ച്.-ലെയും എം.സി.-യിലെയും പ്രധാന ബസ് സ്റ്റേഷനുകൾ ഒഴികെയുള്ള ബസ് സ്റ്റേഷനുകളിൽ ഒന്നിടവിട്ട് മാത്രം പ്രവേശിച്ച് യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്ത് ഇത്തരത്തിൽ 169 ട്രിപ്പുകൾ ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് ആയി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇതിലൂടെ ശരാശരി ഇ.പി.കെ.എം. (Earning per kilometre) 47.99 രൂപയിൽ നിന്ന് 49.58 രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br><br>3. കെ.എസ്.ആർ.ടി.സി.യെ ആധുനികവൽക്കരിക്കുവാൻ വേണ്ടി 279 ഡീസൽ ബസ്സുകളും 52 (2 ഡബിൾ ഡക്കർ ഉൾപ്പെടെ) ഇലക്ട്രിക്ക് ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തി വരുന്നു. കൂടാതെ 113 ഇ-ബസ്സുകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭ്യമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തി വരുന്നു. |

4. പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക്ക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിനു കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക്ക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസ് ആക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ചതിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ശരാശരി ഇ.പി.കെ.എം. 36.57 രൂപ എന്നതിൽ നിന്നും 50.25 രൂപയായി വർദ്ധിച്ചു.

5. പരമാവധി ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി പുനരവലോകനവും ചെയ്തു വരുന്നു. ആദ്യഘട്ടമെന്ന നിലയിൽ ബസ് സർവ്വീസ് നടത്തുന്നതിനുള്ള നേരിട്ടുള്ള പ്രവർത്തന ചെലവുകളായ ഡീസൽ, സ്പെയർപാർട്സ്, ക്രൂ ശമ്പളം, അലവൻസുകൾ, ടോൾ, ഇൻഷ്വറൻസ് തുടങ്ങിയ നേരിട്ടുള്ള ഓപ്പറേഷണൽ ചെലവുകൾ ടിക്കറ്റ് വരുമാനത്തിൽ നിന്നും തന്നെ കണ്ടെത്തി ഓരോ യൂണിറ്റിനേയും പ്രോഫിറ്റ് സെൻറർ ആക്കി മാറ്റുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 2024 ജൂലൈ മാസം 52 യൂണിറ്റുകൾ മാത്രം ഇത്തരം പ്രവർത്തന ലാഭം ലഭ്യമാക്കുകയും 41 യൂണിറ്റുകൾ പ്രവർത്തന നഷ്ടം വരുത്തുകയും ചെയ്ത സ്ഥാനത്ത് യൂണിറ്റ് തല ഏകോപനത്തിലൂടെയും യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിലൂടെയും 2024 ഡിസംബർ മാസത്തിൽ ആകെ 93 യൂണിറ്റുകളിൽ 88 യൂണിറ്റുകൾ പ്രവർത്തനലാഭത്തിലും 5 യൂണിറ്റുകൾ മാത്രം പ്രവർത്തന നഷ്ടത്തിലുമായി മാറിയിട്ടുണ്ട്. ഇത് ജനുവരി മാസം 90 യൂണിറ്റുകൾ പ്രവർത്തന ലാഭത്തിലും 3 യൂണിറ്റുകൾ മാത്രം ഇത്തരത്തിൽ പ്രവർത്തന നഷ്ടത്തിലും എന്ന മികച്ച രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നടത്തിയ വിവിധ മീറ്റിംഗുകളിൽ എടുത്ത തീരുമാനങ്ങൾ പ്രകാരം വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കുകയും മേഖല, യൂണിറ്റ് തലത്തിൽ പരിശോധനയും ചർച്ചകളും നടത്തി കൃത്യമായ പ്ലാനിംഗോടു കൂടി സർവീസ് പുനഃക്രമീകരണം നടപ്പിലാക്കിയതിന്റെ ഫലമായാണ് പ്രസ്തുത നേട്ടങ്ങൾ കരസ്ഥമാക്കി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

| | | | |
|---|---|---|---|
| | | | 6. തമിഴ്നാട്ടുമായുള്ള 2019-ലെ അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസ് നടത്താൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽ കൂടി പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചു. വോൾവേ ലോ ഫ്ളോർ എ.സി., സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് സർവ്വീസുകൾക്കായി ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ യൂണിറ്റുകളിൽ നിന്നും കോയമ്പത്തൂർ, തെങ്കാശി, തേനി, കമ്പം, ഉദുമൽപേട്ട്, പൊള്ളാച്ചി എന്നിവിടങ്ങളിലേയ്ക്കാണ് ബാക്കിയുണ്ടായിരുന്ന വരുമാന ലഭ്യതയുള്ള പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചത്.<br><br>കേരളത്തിലെ പൊതുഗതാഗത രംഗത്ത് എന്നതുപോലെ ഇന്ധന വിതരണ രംഗത്തും കെ.എസ്.ആർ.ടി.സി. യാത്രാഫ്യൂവത്സിനെ ഒരു പ്രമുഖ ഇന്ധന വിതരണ ശൃംഖലയായി പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>പ്രതിദിനം ശരാശരി 250 KL ഡീസലാണ് യാത്രാ ഫ്യൂവൽസിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നൽകിവരുന്നത്. 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കി വരുന്നത്. യാത്രാ ഫ്യുവൽസ് വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് ഇന്ധന വിതരണം നടത്തിയതിലൂടെ കൊച്ചി ടെർമിനലിലെ ബൾക്ക് പർച്ചേഴ്സർ റേറ്റ് പ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുമായിരുന്ന ഏകദേശം 271 കോടിയോളം രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഇതുവരെ ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. യാത്രാ ഫ്യൂവൽസ് വഴി പൊതുജനങ്ങൾക്കുള്ള പ്രതിദിന വില്പന ശരാശരി 73 KL കടന്നിട്ടുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകൾ മുഖേന ഇന്ധനവിതരണം നടത്തിയതിലൂടെ 2021 സെപ്തംബർ മുതൽ 2024 ഡിസംബർ മാസം വരെ ഏകദേശം 631.54 കോടി രൂപയുടെ വിറ്റുവരവ് നടത്തുവാനും അതിലൂടെ ഏകദേശം 18.36 കോടിയോളം രൂപയുടെ ഡീലർകമ്മീഷൻ നേടുവാനും കഴിഞ്ഞിട്ടുണ്ട്.<br><br>വരുമാന വർദ്ധനവിനായി ആരംഭിച്ച വിവിധ പദ്ധതികളിലൂടെ കെ.എസ്.ആർ.ടി.സി.ക്ക് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ധനകാര്യ വർഷം | ശമ്പളം | പെൻഷൻ | കൺസോർഷ്യം വായ്പ തിരിച്ചടവ് | KTDFC വായ്പ തിരിച്ചടവ് | മറ്റിനങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 2021-22 | 863.09 | 898.81 | 250.00 | -- | 25.61 | 2037.51 |
| 2022-23 | 590.00 | 781.81 | 30.00 | -- | 33.00 | 1434.81 |
| 2023-24 | 590.00 | 1007.47 | -- | 468.10 | -- | 2065.57 |
| 2024-25 (up to 29/01/25) | 500.00 | 663.83 | -- | 212.50 | -- | 1376.33 |
| **ആകെ** | **2543.09** | **3351.92** | **280.00** | **680.60** | **58.61** | **6914.22** |

Section Officer